ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

TIME: 06.30 PM

## പ്രധാന വാർത്ത

DATE:19.05.2025

1. വിമാനത്താവളങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ഡിജിറ്റൽ വെല്ലുവിളികളെ നേരിടേണ്ടത് അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 'സിയാൽ 2.0' മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

2. മുല്ലപ്പെരിയാറിൽ മരം മുറിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടത് കേന്ദ്ര സർക്കാരെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. വിഷയത്തിൽ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്രത്തെ അറിയിക്കുമെന്നും മന്ത്രി.

3. തിരുവനന്തപുരത്ത് മോഷണക്കുറ്റം ആരോപിച്ച്  യുവതിയെ പൊലീസ് മാനസികമായി പീഡിപ്പിച്ച സംഭവത്തിൽ അന്വേഷണം നടന്നുവരികയാണെന്ന് മന്ത്രി ഒ.ആർ കേളു.

4. മലപ്പുറം കൂരിയാട് ദേശീയ പാത 66-ലെ ആറുവരിപ്പാത ഇടിഞ്ഞുവീണു; പ്രദേശത്ത് നാട്ടുകാരുടെ പ്രതിഷേധം.

5. സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

ഹെഡ്ലൈൻ-1

സിയാൽ 2.0 - മുഖ്യമന്ത്രി (ഇൻട്രോ)

RNU TVPM

വിമാനത്താവളങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ഡിജിറ്റൽ വെല്ലുവിളികളെ നേരിടേണ്ടത് അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിവിധ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന സിയാൽ 2.0 പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കൊച്ചി വിമാനത്താവളത്തിലെത്തുന്ന യാത്രക്കാർക്ക് സുഗമവും സുരക്ഷിതവുമായ യാത്ര ഉറപ്പാക്കാൻ പദ്ധതിയിലൂടെ സാധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ് വോയിസ്)**

200 കോടി രൂപ ചിലവിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

****************************

**ഹെഡ്‌ലൈൻ-2**

**മുല്ലപ്പെരിയാർ**

മുല്ലപ്പെരിയാർ വിഷയത്തിൽ സുപ്രീം കോടതി നിർദേശങ്ങൾ കേരളത്തിന് തിരിച്ചടി അല്ലെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. മുല്ലപ്പെരിയാറിൽ മരം മുറിക്കാൻ അനുമതി തേടി തമിഴ്നാട് സർക്കാർ സമർപ്പിച്ച അപേക്ഷ കോടതി അംഗീകരിച്ച പശ്ചാത്തലത്തിലാണ് മന്ത്രിയുടെ പ്രതികരണം. ഡാമിന്റെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നത് ആണ് കോടതി പരിഗണിച്ചത്. പുതിയ ഡാം എന്ന ആശയത്തിൽ കേരളം ഇപ്പോഴും ഉറച്ച് നിൽക്കുന്നെന്നും മരം മുറിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണെന്നും മന്ത്രി വ്യക്തമാക്കി. ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്രത്തെ അറിയിക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

****************************

**വൺ റാങ്ക് വൺ പെൻഷൻ**

വിരമിച്ച എല്ലാ ജഡ്ജിമാർക്കും വൺ റാങ്ക് വൺ പെൻഷൻ തത്വം ബാധകമാണെന്ന് സുപ്രീം കോടതി. ഒരേ റാങ്കിൽ ഒരേ സർവ്വീസ് കാലയളവ് പൂർത്തിയാക്കി വിരമിച്ച എല്ലാവർക്കും വിരമിക്കൽ തീയതി പരിഗണിക്കാതെ ഒരേ പെൻഷൻ നൽകുന്ന

RIJU TVPM

പദ്ധതിയാണ് വൺ റാങ്ക് വൺ പെൻഷൻ. ചീഫ് ജസ്റ്റിസ് ബി ആർ ഗവായി, ജസ്റ്റിസ് അഗസ്റ്റിൻ ജോർജ്ജ് മാസിഹ് എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് ഉത്തരവ്. നിയമന സമയം പദവി എന്നിവ അടിസ്ഥാനമാക്കി ജഡ്ജിമാർക്കിടയിൽ വിവേചനം കാണിക്കുന്നത് മൗലികാവകാശത്തിന്റെ ലംഘനമാണെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു.

****************************

**ഇന്ത്യൻ സൈന്യം-വെടി നിർത്തൽ**

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തൽ കരാർ ഇന്നലെ അവസാനിച്ചു എന്ന തരത്തിൽ പ്രചരിക്കുന്ന വാർത്ത തള്ളി ഇന്ത്യൻ സൈന്യം. ഇരു രാജ്യങ്ങളുടെയും ഡിജിഎംഒമാർ തമ്മിൽ ഇന്നലെ ചർച്ചകൾ നടന്നിട്ടില്ല. ഈ മാസം 12ന് നടത്തിയ ചർച്ചയിൽ സംഘർഷങ്ങൾക്ക് വിരാമമിടാൻ തീരുമാനിച്ചിരുന്നെന്നും അതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലെന്നും സൈനിക വൃത്തങ്ങൾ വ്യക്തമാക്കി.

****************************

**വിക്രം മിശ്രി**

ഇന്ത്യ-പാകിസ്ഥാൻ വിദേശ നയവുമായി ബന്ധപ്പെട്ട പുതിയ സംഭവവികാസങ്ങൾ വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി ഇന്ന് പാർലമെന്ററി സ്റ്റാന്റിങ് കമ്മിറ്റിയെ ധരിപ്പിക്കും. ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചും തുടർന്നുണ്ടായ വെടിനിർത്തൽ സംബന്ധിച്ചും വിദേശകാര്യ സെക്രട്ടറി വിശദീകരിക്കും.

****************************

**പേരൂർക്കട സസ്പെൻഷൻ**

തിരുവനന്തപുരത്ത് മോഷണക്കുറ്റം ആരോപിച്ച് പേരൂർക്കട പൊലീസ് മാനസികമായി പീഡിപ്പിച്ചെന്ന ദളിത് യുവതിയുടെ പരാതിയിൽ പേരൂർക്കട എസ് ഐ പ്രസാദിനെ സസ്പെൻഡ് ചെയ്തു. സംഭവത്തിൽ തിരുവനന്തപുരം സിറ്റി പൊലീസ് കമ്മിഷണർക്ക് സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മിഷണർ

RNU TVPM

റിപ്പോർട്ട് നൽകിയതിനെത്തുടർന്നാണ് പേരൂർക്കട എസ് ഐയ്ക്ക് എതിരെ നടപടി സ്വീകരിച്ചത്. നെടുമങ്ങാട് പനവൂർ സ്വദേശിനി ബിന്ദുവിനാണ് പൊലീസിന്റെ ഭാഗത്തുനിന്ന് മോശം അനുഭവം ഉണ്ടായത്. എസ് ഐയെ സസ്പെൻഡ് ചെയ്ത പൊലീസ് നടപടിയിൽ സന്തോഷമുണ്ടെന്ന് ബിന്ദു പറഞ്ഞു.

****************************

**ഹെഡ്‌ലൈൻ-3**

**ഒ ആർ കേളു (ഇൻട്രോ)**

സ്വർണ മാല മോഷ്ടിച്ചെന്നാരോപിച്ച് വീട്ടുകാർ നൽകിയ പരാതിയിൽ വീട്ടുജോലിക്കാരിയായ സ്ത്രീയെ പോലീസ് മാനസികമായി ബുദ്ധിമുട്ടിച്ച സംഭവം ദൗർഭാഗ്യകരമെന്ന് മന്ത്രി ഒ ആർ കേളു പറഞ്ഞു. സംഭവവുമായി ബന്ധപ്പെട്ട് പൊലീസിനോട് റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും അദ്ദേഹം പ്രതികരിച്ചു. മന്ത്രി എന്ന നിലയിൽ വിഷയം നേരത്തെ തന്നെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും വകുപ്പ് തല അന്വേഷണം നടന്നു വരികയാണെന്നും ശ്രീ ഒ ആർ കേളു വ്യക്തമാക്കി.

**(ഹോൾഡ് വോയിസ്)**

അതേസമയം, മുൻ കേന്ദ്രസഹമന്ത്രി വി മുരളീധരൻ, കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് എംഎൽഎ തുടങ്ങിയവർ ബിന്ദുവിന്റെ വീട്ടിലെത്തി പിന്തുണ അറിയിച്ചു.

****************************

**പേരൂർക്കട-മനുഷ്യാവകാശ കമ്മീഷൻ**

അതേസമയം, സംഭവം തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് ജോലി ചെയ്യുന്ന ഡി വൈ എസ് പി- അസി. കമ്മീഷണർ റാങ്കിൽ കുറയാത്ത പോലീസുദ്യോഗസ്ഥൻ അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്.

****************************

PNU TVPM

## കെ.എസ്ഇ.ബി

കെ.എസ്ഇ.ബി.യുടെ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളിൽ പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വന്നു. പകൽ സമയത്ത് വൈദ്യുത വാഹന ചാർജ്ജിംഗ് പ്രോത്സാഹിപ്പിച്ച് വൈകുന്നേരത്തെ അമിത ഉപയോഗം തടയിടുകയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുതിയ നിരക്ക് നടപ്പാക്കിയത്. രാവിലെ ഒമ്പതു മുതൽ വൈകീട്ട് നാലുവരെ 30 ശതമാനം വരെ കുറഞ്ഞ നിരക്കിൽ വാഹനങ്ങൾ ചാർജ്ജ് ചെയ്യാം. വൈകീട്ട് നാലു മുതൽ അടുത്ത ദിവസം രാവിലെ ഒമ്പതു വരെ 30 ശതമാനം കൂടിയ നിരക്കായിരിക്കും ഈടാക്കുക. ചാർജ്ജിംഗിന് പൊതു നിരക്ക് യൂണിറ്റിന് 7 രൂപ 15 പൈസയാണ്.

****************************

## ബെയ്‌ലിൻ ദാസ് - ജാമ്യം

തിരുവനന്തപുരം വഞ്ചിയൂർ കോടതിയിലെ ജൂനിയർ അഭിഭാഷകയെ മർദിച്ച കേസിൽ അറസ്റ്റിലായ സീനിയർ അഭിഭാഷകൻ ബെയ്‌ലിൻ ദാസിന് ജാമ്യം. തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതിയാണ് ജാമ്യം അനുവദിച്ചത്. കർശന ഉപാധികളോടെയാണ് ജാമ്യം. നേരത്തെ മെയ് 27 വരെ പ്രതിയെ കോടതി റിമാൻഡ് ചെയ്തിരുന്നു.

RNUTVPM

****************************

## തീരദേശഹൈവേ

തീരദേശഹൈവേ സ്ഥലമെടുപ്പിൽ മൽസ്യമേഖലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് പ്രത്യേക പരിഗണന നൽകുമെന്നും വേമ്പനാട് കായൽ പാക്കേജ് നടപ്പാക്കുമെന്നും നിയമസഭ സമിതി. ആലപ്പുഴ കളക്ടറേറ്റിൽ ചേർന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി സിറ്റിംഗിൽ സമിതി ചെയർമാൻ കൂടിയായ പി പി ചിത്തരഞ്ജൻ എം.എൽ.എയാണ് ഇക്കാര്യം വ്യക്തമാക്കിയത്. വേമ്പനാട് കായൽ പാക്കേജ് നടപ്പാക്കാൻ

സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും അതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

****************************

**ഹെഡ്ലൈൻ-4**

**മലപ്പുറം - റോഡ് ഇടിഞ്ഞു (ഇൻട്രോ)**

നിർമാണം നടന്നുകൊണ്ടിരുന്ന കോഴിക്കോട് തൃശ്ശൂർ ദേശീയ പാത 66-ലെ ആറുവരിപ്പാത ഇടിഞ്ഞുവീണു. മലപ്പുറം കൂരിയാടിനും കൊളപ്പുറത്തിനും ഇടയിലാണ് അപകടം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...**

**(വോയിസ്)**

****************************

**കോഴിക്കോട്-ബസ് സ്റ്റാൻഡ്**

കോഴിക്കോട് പുതിയ ബസ് സ്റ്റാൻഡ് കെട്ടിടത്തിലെ തീപിടുത്തം സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. മറ്റു കടകൾ തുറക്കുന്ന കാര്യവും റിപ്പോർട്ട് കിട്ടിയ ശേഷം തീരുമാനിക്കും. നിയമപരമായ എല്ലാ കാര്യങ്ങളും പരിശോധിക്കും നിയമപരമായ പ്രശനങ്ങൾ ഉണ്ടായെങ്കിൽ തിരുത്തൽ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

****************************

**ഹെഡ്ലൈൻ-5**

**മഴ**

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പത്തനംതിട്ട മുതൽ പാലക്കാട് വരെ ഏഴ് ജില്ലകളിൽ

RNU TVPM

മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കോഴിക്കോട് മുതൽ കാസർഗോഡ് വരെ നാല് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രതായണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ അതിശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദേശം.

***************************

## ഹെഡ്‌ലൈൻ-6

### ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും. രാത്രി 7:30 ന് ലഖ്നൗവിലാണ് മത്സരം.

***************************

### മൻ കി ബാത്

ജനങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി തന്റെ ചിന്തകൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രക്ഷേപണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122-ാം പതിപ്പാണിത്. നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ജനങ്ങൾക്ക് തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കാം. ഈ മാസം 23 വരെയാണ് അവസരം ഉണ്ടാവുക.

*

*************

*****************************************

RNU TVPM